ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 14, 2018

**ഭാരതത്തിൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുവാനുള്ള ലൈസൻസ് റദ്ദുചെയ്യലും അർബൻ സഹകരണ ബാങ്കിനെ സഹകരണ സംഘമായി പരിവർത്തനം ചെയ്യലും. 1949 ലെ ബാങ്കിംഗ്, റഗുലേഷൻ നിയമത്തിലെ(AACS) 22, 36 A(2) വകുപ്പുകൾ - ഷേർ നാഗരിക് സഹകാരി ബാങ്ക് ലിമിറ്റഡ് ; ജബൽപൂർ, (മധ്യപ്രദേശ്)**

ഷേർ നാഗരിക് സഹകാരി ബാങ്ക് ലിമിറ്റഡ്, ജബൽപൂർ, (മധ്യപ്രദേശ്) തങ്ങളുടെ സ്ഥാപനത്തെ സ്വമേധയാ സഹകരണ സംഘമായി മാറ്റി ബാങ്കിതര ധനകാര്യ സ്ഥാപനമാക്കുവാനുള്ള അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിയ്ക്കുകയുണ്ടായി. 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ (AACS) പരിധിയിൽ നിന്നും പുറത്തു പോകാനായി വകുപ്പ് 36 A(2) ലെ ഉപാധികളെല്ലാം ബാങ്ക് അംഗീകരിച്ചു.

2018 ഫെബ്രുവരി 08 ലെ ഉത്തരവു പ്രകാരം ഭാരതീയ റിസർവ് ബാങ്ക്, ഷേർ നാഗരിക് സഹകാരി ബാങ്കിന് (ജബൽപൂർ, മധ്യപ്രദേശ്) നല്കിയ ലൈസൻസ് റദ്ദു ചെയ്ത വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി വിജ്ഞാപനം ചെയ്യുന്നു. അതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ 5(cci), 56 എന്നീ വകുപ്പുകളിൽ നിർവചിച്ചിട്ടുള്ള, സഹകരണ ബാങ്കിൻ ബാധകമായ ഒരു വ്യവസ്ഥയും ഈ സ്ഥാപനത്തിന് ബാധകമല്ലാ എന്നും അറിയിക്കുന്നു. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിംഗ് ഇടപാടുകൾ നടത്തുവാനുള്ള അവകാശം സ്ഥാപനത്തിന് നിഷേധിച്ചിരിക്കുന്നു. അതിനാൽ നിയമത്തിലെ 5(b) വകുപ്പു പ്രകാരം ബാങ്കിംഗ് ഇടപാടുകൾ, നിക്ഷേപങ്ങൾ വാങ്ങലും തിരിച്ചു നൽകലും ഉൾപ്പെടെ, നടത്തുന്നതിൽ നിന്നും സ്ഥാപനത്തെ വിലക്കിയിരിക്കുന്നു.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന: 2017-2018/2195